Jagratha - 062

Vol-II, Issue : 28
29-08- 2008

Kerala Catholic Bishops' Council's

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

*01. ക്രൈസ്തവർക്കു നേരേയുള്ള അക്രമം അപലപനീയം: കെ.സി.ബി.സി*
*02. ഒറീസ സംഭവം: കർദ്ദിനാൾ ദുഃഖം രേഖപ്പെടുത്തി.*
*03. ക്രൈസ്തവരെ തെരഞ്ഞു പിടിച്ചു അക്രമിക്കുന്നു: സി.ബി.സി.ഐ*
*04. ഒറീസ്സയിൽ ക്രൈസ്തവസമൂഹം പീഡിപ്പിക്കപ്പെടുന്നു : ഐക്യ-ജാഗ്രതാ കമ്മീഷൻ*
*05. പിണറായിയുടെ പ്രസ്താവന പ്രതിഷേധാർഹം : കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ*
*06. വ്യക്തിഹത്യയ്ക്കെതിരെ സഭ പ്രതികരിക്കും : ക്ലീമിസ് കാതോലിക്കാബാവ*
*07. മതമേലധ്യക്ഷന്മാരെ അധിക്ഷേപിക്കുന്നതിൽനിന്ന് പിണറായി വിജയൻ പിന്മാറണം : ഐക്യ-ജാഗ്രതാ കമ്മീഷൻ*

### 01. ക്രൈസ്തവർക്കു നേരേയുള്ള അക്രമം അപലപനീയം: കെ.സി.ബി.സി (25-08-2008)

ഒറീസയിൽ മതതീവ്രവാദികൾ ക്രൈസ്തവർക്കും പ്രാർത്ഥനാലയങ്ങൾക്കും ക്രൈസ്തവസ്ഥാപനങ്ങൾക്കും നേരേ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന അക്രമങ്ങൾ ഭാരതസംസ്കാരത്തിനു ചേരാത്തവയാണെന്നു കേരള കത്തോലിക്കാ ബിഷപ് സമിതി അഭിപ്രായപ്പെട്ടു. ഏതാനുംപേർ വധിക്കപ്പെട്ടതിന് ഉത്തരവാദികൾ ക്രൈസ്തവരാണെന്ന് ആരോപിച്ച് മതതീവ്രവാദികൾ ആരംഭിച്ച അക്രമം കത്തിപ്പടരാതിരിക്കാനും ക്രൈസ്തവർക്കും സ്ഥാപനങ്ങൾക്കും സംരക്ഷണം നൽകാനും സത്വരനടപടികൾ സ്വീകരിക്കാൻ പ്രധാനമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി, ഒറീസ മുഖ്യമന്ത്രി എന്നിവർക്കു കെ.സി.ബി.സി. നിവേദനം സമർപ്പിക്കാൻ തീരുമാനിച്ചു. ക്രൈസ്തവസമൂഹം എക്കാലവും സമൂഹത്തിൽ ദൈവസാന്നിധ്യമായി പ്രവർത്തിക്കാൻ വിളിക്കപ്പെട്ടവരാണ്. യേശുവിന്റെ ശിഷ്യരായ ക്രൈസ്തവർക്കു പീഡനങ്ങളും നിന്ദകളും അപമാനങ്ങളും പുതുമയുള്ളതല്ല. രക്തസാക്ഷികളുടെ രക്തത്താലും വിശ്വാസികളുടെ കൂട്ടായ്മയിലുമാണ് സഭ വളർന്നിട്ടുള്ളത്. തീയിൽ കുരുത്ത ക്രൈസ്തവസമൂഹം വെയിലത്ത് വാടില്ല. ഒറീസയിൽ നടന്ന സംഭവങ്ങൾ അപലപനീയമാണെങ്കിലും ആക്രമണകാരികളോട് ക്ഷമിക്കാനും അവർക്ക് നല്ല മനസുണ്ടാകാനും ദൈവത്തോടു പ്രാർഥിക്കാനും സഭാമക്കൾക്ക് സാധിക്കണമെന്നു കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ അഭ്യർഥിച്ചു.

### 02. ഒറീസ സംഭവം: കർദിനാൾ ദുഃഖം രേഖപ്പെടുത്തി (25-08-2008)

മാവോയിസ്റ്റുകൾ ഒറീസയിൽ നാലുപേരെ വധിച്ചതിൽ ഭാരത മെത്രാൻ സഭ പ്രസിഡന്റ് കർദിനാൾ മാർ വർക്കി വിതയത്തിൽ ദുഃഖവും അനുശോചനവും അറിയിക്കുകയും അക്രമത്തെ അപലപിക്കുകയും ചെയ്തു. ഈ സംഭവത്തിന്റെ പേരിൽ ക്രൈസ്തവർക്കും അവരുടെ സ്ഥാപനങ്ങൾക്കും എതിരായി നടക്കുന്ന അക്രമങ്ങളിൽ ദുഃഖവും പ്രതിഷേധവും അറിയിക്കുന്നു. പ്രശ്നം കത്തിപ്പടരാതിരിക്കുന്നതിന് സത്വരനടപടികൾ എടുക്കണമെന്നു കേന്ദ്ര സംസ്ഥാന സർക്കാരുകളോട് അഭ്യർഥിക്കുന്നു. സാമൂഹികവും മതപരവുമായ സൗഹാർദവും സമാധാനവും പുനഃസ്ഥാപിക്കാൻ എല്ലാവരും സംയമനത്തോടെ ശ്രമിക്കണം.

**03. ക്രൈസ്തവരെ തെരഞ്ഞു പിടിച്ചു അക്രമിക്കുന്നു: സി.ബി.സി.ഐ (27-08-2008)**

സംഭവത്തിൽ ക്രൈസ്തവ സംഘടനകൾക്കു പങ്കുണ്ടെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഇതു പ്രചരിപ്പിച്ചു ക്രൈസ്തവർക്കെതിരേ വ്യാപകമായ രീതിയിലാണു ചില സാമുദായിക സംഘടനകൾ അക്രമം അഴിച്ചുവിട്ടിരിക്കുന്നത്. കാൻഡമലിൽ ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് അക്രമിക്കുകയും കൊലപ്പെടുത്തുകയാണ്. രണ്ട് ലക്ഷത്തോളം ക്രൈസ്തവർക്ക് അക്രമത്തിൽ പൂർണമായും ഭാഗികമായും നാശനഷ്ടമുണ്ടായിട്ടുണ്ട്. 95 ദേവാലയങ്ങൾ തകർത്തു. വൈദികരേയും കന്യാസ്ത്രീകളേയും കൊല്ലാൻ ശ്രമിക്കുകയും നിരവധി സ്ഥാപനങ്ങൾ തകർക്കുകയും ചെയ്തിട്ടുണ്ട്. അനാഥാലയങ്ങൾക്ക് നേരെയും അക്രമം നടന്നു. ഇതിനെതിരേ കേന്ദ്രസർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കണം.ന്യൂനപക്ഷ വിഭാഗങ്ങളെ വർഗ്ഗീയ ശത്രുക്കളായാണു കാണുന്നത്. ഹിന്ദുക്കൾ ദേശീയതയുടെ പ്രതീകമായും ന്യൂനപക്ഷങ്ങളെ ദേശവിരുദ്ധരായും ചിത്രീകരിക്കാനാണു ചില സമുദായ സംഘടനകൾ ശ്രമിക്കുന്നത്. ഒറീസയിൽ മതപരിവർത്തനത്തിനു പ്രേരിപ്പിക്കുന്നെന്നു തെറ്റായ പ്രചരണമാണ് നടത്തുന്നത്. ഇതുവരെ അത്തരത്തിലുള്ള ഒരു സംഭവവും റിപ്പോർട്ട് ചെയ്തിട്ടില്ല. മാവോയിസ്റ്റുകളുമായി ക്രൈസ്തവ സംഘടനകൾക്ക് യാതൊരു ബന്ധവുമില്ലെന്നും ഒരു ചോദ്യത്തിന് മറുപടിയായി ആർച്ച് ബിഷപ് വ്യക്തമാക്കി.ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് അക്രമിക്കുന്നതിനെതിരേ രാജ്യ വ്യാപകമായി ക്രൈസ്തവ സ്ഥാപനങ്ങൾ അടച്ചിട്ട് പ്രതിഷേധിക്കാൻ മറ്റ് സഭകളോടും ആവശ്യപ്പെടും. അന്നേ ദിവസം സമാധാന റാലികൾ നടത്താനും സിബിസിഐ തീരുമാനിച്ചിട്ടുണ്ട്.

**04. ഒറീസ്സയിൽ ക്രൈസ്തവ സമൂഹം പീഢിപ്പിക്കപ്പെടുന്നു : ഐക്യ-ജാഗ്രതാ കമ്മീഷൻ (25-08-2008)**

ഒറീസ്സയിൽ നിരപരാധികളായ ക്രൈസ്തവ സമൂഹം പീഢിപ്പിക്കപ്പെടുന്നതിൽ കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ പ്രതിഷേധവും ആശങ്കയും രേഖപ്പെടുത്തി. സ്വാമി ലക്ഷ്മണാനന്ദ സരസ്വതിയുടെ കൊലപാതകത്തിൽ ഐക്യ-ജാഗ്രതാ കമ്മീഷൻ ദുഃഖവും അനുശോചനവും അറിയിച്ചു. കുറ്റകൃത്യം ചെയ്തവർ ആരുതന്നെ ആയാലും നിയമത്തിനു മുന്നിൽ കൊണ്ടുവരികയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം. സ്വാമി ലക്ഷ്മണാനന്ദ സരസ്വതിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഒറീസ്സയിലെ നിരപരാധികളായ ക്രൈസ്തവ സമൂഹത്തെ ആക്രമിക്കുകയും അവരുടെ പ്രാർത്ഥനാലയങ്ങളും വസ്തുവകകളും നശിപ്പിക്കുകയും ചെയ്യുകയാണെന്ന് കമ്മീഷൻ കുറ്റപ്പെടുത്തി. കൊലപാതകത്തിനു പിന്നിൽ മാവോയിസ്റ്റുകളാണെന്ന സൂചന ലഭിച്ചിട്ടും ഇതിനു പിന്നിൽ ക്രൈസ്തവ സമൂഹമാണെന്ന് ചിത്രീകരിച്ചുകൊണ്ട് അക്രമത്തെ വർഗ്ഗീയവൽക്കരിക്കുവാനുള്ള ശക്തമായ നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. ഒറീസ്സയിൽ ഇതിനോടകംതന്നെ ക്രിസ്ത്യാനികളുടെ പ്രാർത്ഥനാലയങ്ങളും നിരവധി മറ്റു സ്ഥാപനങ്ങളും നശിപ്പിക്കപ്പെട്ടു കഴിഞ്ഞു. പല ക്രൈസ്തവ കുടുംബങ്ങളും അക്രമത്തെ ഭയന്ന് വനത്തിലേക്ക് പലായനം ചെയ്തിരിക്കുകയാണ്. ഒറീസ്സയിൽ ക്രൈസ്തവസമൂഹത്തിന്റെ ജീവനും സ്വത്തിനും ഭീഷണി നേരിട്ടുകൊണ്ടിരിക്കുയാണ്.

മതപരിവർത്തനത്തിന്റെ പേരിൽ ഒറീസ്സയിലെ ക്രൈസ്തവ സമൂഹത്തെ ഇല്ലായ്മ ചെയ്യുവാനുള്ള നീക്കത്തെ ക്രിസ്തീയ ചൈതന്യത്തിന്റെ മാർഗ്ഗത്തിൽ നേരിടണം. ക്രൈസ്തവ സമൂഹത്തിന്റെ മാർഗ്ഗം അക്രമത്തിന്റെ മാർഗ്ഗമല്ല; സമാധാനത്തിന്റെയും ശാന്തിയുടെയും മാർഗ്ഗമാണ്.

ഒറീസ്സയിൽ ക്രൈസ്തവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഒറീസ്സാ സർക്കാർ തയ്യാറാവണം. അക്രമത്തെ ഭയന്ന് വനാന്തരത്തിലേക്ക് പലായനം ചെയ്തിരിക്കുന്നവർക്ക് ഗ്രാമങ്ങളിലേക്ക് തിരിച്ചുവരുവാനുള്ള സാഹചര്യം ഒരുക്കണം. അക്രമത്തെ വർഗ്ഗീയവൽക്കരിച്ച് മുതലെടുപ്പിനു വേണ്ടി ശ്രമിക്കുന്നവർക്കെതിരെ നടപടി എടുക്കണം. ഒറീസ്സയിൽ സമാധാനവും മതമൈത്രിയും പുനഃസ്ഥാപിക്കുന്നതിനുവേണ്ടി രാഷ്ട്രീയ സാംസ്ക്കാരിക നേതാക്കന്മാർ മുന്നോട്ടുവരണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷനു വേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭ്യർത്ഥിച്ചു.

**05. പിണറായിയുടെ പ്രസ്താവന പ്രതിഷേധാർഹം: മാർ വിതയത്തിൽ (22-08-2008)**

ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിലിനെതിരേയുള്ള പിണറായിയുടെ പ്രസ്താവന പ്രതിഷേധാർഹമെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ.

ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിലിനെതിരേയും അദ്ദേഹം അധ്യക്ഷനായുള്ള ഇന്റർചർച്ച് കൗൺസിലിനെതിരേയും മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ നടത്തുന്ന പ്രസംഗങ്ങൾ അത്യധികം ഖേദകരവും പ്രതിഷേധാർഹവുമാണ്. കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടക്കുന്ന സീറോ മലബാർ സഭയുടെ സിനഡിൽ കഴിഞ്ഞ ഒരാഴ്ചയായി പങ്കെടുത്തു വരുന്ന 35 ബിഷപ്പുമാരും പിണറായിയുടെ പ്രതിഷേധാർഹമായ ഈ പ്രസ്താവനയെ ആശങ്കയോടെയാണ് കാണുന്നത്. ഭാരതത്തിന്റെ ഭരണഘടന നൽകുന്ന അവകാശങ്ങൾ നിഷേധിക്കാൻ സംസ്ഥാനത്തെ ഇടതു സർക്കാർ ശ്രമിച്ചപ്പോൾ അതിനെ ചോദ്യം ചെയ്ത ഇന്റർ ചർച്ച് കൗൺസിൽ കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ ഒരു സംയുക്ത സമിതിയാണ്. പ്രധാന സഭകളെല്ലാം ഉൾക്കൊള്ളുന്ന കൗൺസിലിന്റെ അധ്യക്ഷൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ ചങ്ങനാശേരി അതിരൂപതയുടെ അധ്യക്ഷ സ്ഥാനത്തുനിന്നു വിരമിച്ചു എന്നത് ഇന്റർ ചർച്ച് കൗൺസിൽ അധ്യ ക്ഷസ്ഥാനത്തിന് അയോഗ്യതയല്ല. സഭകൾ ഒറ്റക്കെട്ടായി അദ്ദേഹത്തിന്റെ കൂടെയുണ്ടെന്നതിൽ ആർക്കും സംശയം വേണ്ട. കേരളത്തിലെ ക്രൈസ്തവ വിശ്വാസികളെ വൈദികരിൽ നിന്നും ബിഷപ്മാരിൽ നിന്നും അകറ്റാമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതു നടപ്പില്ലെന്നു മനസിലാക്കാൻ കഴിവുള്ളവരാണു കേരളത്തിലെ ക്രൈസ്തവർ എന്ന കാര്യം ആരും മറക്കേണ്ടെന്നും കർദിനാൾ മാർ വർക്കി വിതയത്തിൽ പ്രസ്താവനയിൽ വ്യക്തമാക്കി.

മാർക്സിസ്റ്റ് പാർട്ടിയെ വിമർശിക്കുന്നവർ രാഷ്ട്രീയം പറയുന്നു എന്ന ആരോപണവും വിയോജിക്കുന്നവരെ ഇല്ലായ്മ ചെയ്യുന്ന ചരിത്രവും ആ പാർട്ടിയുടെ സ്വഭാവമാണെന്നു കർദിനാൾ പ്രസ്താവനയിൽ പറഞ്ഞു. മനുഷ്യന്റെ മതപരവും വിദ്യാഭ്യാസപരവുമായ മൗലികാവകാശ സംരക്ഷണത്തിനു വേണ്ടി രാഷ്ട്രീയ പാർട്ടികളുടെ നിറം നോക്കാതെ എന്തു ത്യാഗം സഹിച്ചും സഭ നിലകൊള്ളുമെന്നു കർദിനാൾ വ്യക്തമാക്കി. സഭ വിദ്യാഭ്യാസക്കച്ചവടം നടത്തുന്നുവെന്ന മാർക്സിസ്റ്റ് പാർട്ടിയുടെ ആരോപണം പൊള്ളയായ മുദ്രാവാക്യമാണെന്ന് വിദ്യാസമ്പന്നരായ കേരളീയർ തിരിച്ചറിഞ്ഞുകഴിഞ്ഞു. പാർട്ടി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ന്യൂനപക്ഷാവകാശ ധ്വംസനവും വിദ്യാഭ്യാസ പുരോഗതിക്കു വിലങ്ങുതടിയായ വികലമായ വിദ്യാഭ്യാസ പരിഷ്കാരങ്ങളും കോടതികളും ജനങ്ങളും ചോദ്യം ചെയ്തു കഴിഞ്ഞു. കോടതികളുടെ വിധികളും നിർദേശങ്ങളും മറികടന്ന് ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവേശനം നടത്തുന്നുണ്ടെങ്കിൽ സർക്കാർ അവർക്കെതിരേ നടപടിയെടുക്കട്ടെയെന്നും കർദിനാൾ പറഞ്ഞു. കോടതികളെ പഴിക്കുകയും കോടതികളെ സമീപിക്കുന്നവരെ ചോദ്യം ചെയ്യുകയും ചെയ്യുന്നവർ ജനാധിപത്യത്തിന്റെ ശത്രുക്കളാണ്. ഏതു സ്വാശ്രയ പ്രഫഷണൽ കോളജുകളിലാണ് ഫീസ് കുറവ്, ആരാണ് കച്ചവടം നടത്തുന്നത്, ആരാണു പാവങ്ങളെ സഹായിക്കുന്നത്, ആരുടെ പ്രവേശന രീതിയാണ് സുതാര്യം എന്നൊക്കെ വ്യക്തമാക്കുന്ന കണക്കുകളും വിവരങ്ങളും സത്യാന്വേഷകർക്ക് ലഭ്യമാണ്. ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസും സർക്കാരുമായി കരാർ ഒപ്പു വച്ച സ്ഥാപനങ്ങളുടെ ഫീസും തമ്മിൽ താരതമ്യം ചെയ്താൽ കാര്യങ്ങൾ എല്ലാവർക്കും വ്യക്തമാകുമെന്നും കർദിനാൾ പ്രസ്താവനയിൽ പറഞ്ഞു.

### 06. വ്യക്തിഹത്യയ്ക്കെതിരെ സഭ പ്രതികരിക്കും: ക്ലിമ്മിസ് കാതോലിക്കാ ബാവ (Manorama 27-08-2008)

മാർ ജോസഫ് പൗവത്തിലിനെ ഒറ്റപ്പെടുത്തി അവഹേളിക്കുന്നതിനു സിപിഎം നടത്തുന്ന ശ്രമത്തെ സഭ അതീവ ഗൗരവത്തോടെയാണു കാണുന്നതെന്നും സമയമാകുമ്പോൾ തങ്ങളുടെ പ്രതികരണം എന്താണെന്നു മനസ്സിലാകുമെന്നും മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവ അറിയിച്ചു. ഒറീസയിൽ നടക്കുന്നതു നരനായാട്ട് ആണെങ്കിൽ ഇവിടെ വ്യക്തിഹത്യയാണ്.ഒറീസയിൽ മത തീവ്രവാദികൾ നരനായാട്ടു നടത്തുമ്പോൾ അതേ മതന്യൂനപക്ഷങ്ങൾക്കു വേറൊരു രീതിയിൽ ഇവിടെ വ്യക്തിഹത്യ നേരിടേണ്ടി വരുന്നതിലുള്ള വേദന കുറവല്ല. ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ എന്ന നിലയിൽ മാർ പൗവത്തിൽ പറയുന്നതു പൊതുവായ ക്രൈസ്തവ സമൂഹത്തിന്റെ അഭിപ്രായമാണ്. അദ്ദേഹം പറയുന്നതിനെ വ്യക്തിപരമായി കണ്ടു താറടിക്കുന്നതിൽ ഉത്കണ്ഠയുണ്ട്. ഇന്റർ ചർച്ച് കൗൺസിലിനെ ആക്ഷേപിക്കുന്നവർ കുറെക്കൂടി പക്വതയോടെ പ്രതികരിക്കണം. ആശയത്തെ ആശയങ്ങൾ കൊണ്ടു നേരിടണം. മതസ്പർധ ഉണ്ടാക്കുന്ന ഒറ്റപ്പെടുത്തൽ അപലപനീയമാണ്.

മാർ പൗവത്തിലിനെ ആക്ഷേപിച്ചു സഭയിൽ ഭിന്നതയുണ്ടാക്കാമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ നടക്കില്ല.ക്രൈസ്തവ സ്ഥാപനങ്ങൾ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ കണ്ടുപിടിക്കണം. പക്ഷേ ക്രൈസ്തവ സ്ഥാപനങ്ങളെ മാത്രം തിരഞ്ഞുപിടിച്ചു കുറ്റം കണ്ടുപിടിക്കുന്നത് ഉത്കണ്ഠാജനകമാണ്.പ്രശ്നപരിഹാരത്തിനു സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്, എസ്. രാമചന്ദ്രൻപിള്ള എന്നിവരുമായി താനും മാർ ജോർജ് ആലഞ്ചേരി, ബിഷപ് സ്റ്റാൻലി റോമൻ എന്നിവരും ചർച്ച നടത്തിയിരുന്നു. പക്ഷേ ആശാവഹമായ പുരോഗതിയുണ്ടായില്ല. ഏതു പക്ഷം ഭരിച്ചാലും സഭയുടെ വിഷമം അറിയിക്കേണ്ടതു തങ്ങളുടെ കടമയാണ്. സഭയ്ക്കെതിരെ കോൺഗ്രസ് സർക്കാർ നടപടി എടുത്താലും ശബ്ദം ഉയർത്തും. ഇപ്പോഴത്തെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതു സർക്കാരാണ്. അധികാരമുള്ളവർ മുൻകയ്യെടുത്തില്ലെങ്കിൽ പരിഹരിക്കാനാവില്ല. ലോക്സഭാ തിരഞ്ഞെടുപ്പുമായി ഇതിനെ ബന്ധിപ്പിക്കേണ്ടതില്ല. സഭയുടെ നിലപാട് എന്തെന്നു നിരീശ്വര പ്രസ്ഥാനങ്ങൾക്കും സഭയെ എതിർക്കുന്നവർക്കും ബോധ്യമുണ്ട്. മാർ പൗവത്തിലിനെതിരെ പിണറായി വിജയൻ പറഞ്ഞതിന്റെ അർഥം മനസ്സിലാക്കാനുള്ള കഴിവ് കേരള സമൂഹത്തിനുണ്ട്. വോട്ട് കിട്ടുമ്പോൾ നല്ലവരും കിട്ടില്ലെങ്കിൽ മോശക്കാരുമെന്നു ചിത്രീകരിക്കാനാണു ശ്രമം.

ഭൂരിപക്ഷം വിശ്വാസികൾ എവിടെയാണു നിൽക്കുന്നതെന്ന കാര്യത്തിൽ തങ്ങൾക്കു സംശയമില്ല. വനിതാ കമ്മിഷൻ ഉൾപ്പെടെയുള്ള സമിതികളെ ഉപയോഗിക്കുന്ന രാഷ്ട്രീയക്കളിയാണു നടക്കുന്നത്. ആത്മഹത്യ ചെയ്ത കന്യാസ്ത്രീയുടെ കാര്യത്തിൽ വനിതാ കമ്മിഷൻ കാട്ടിയ താൽപര്യം എല്ലാ സ്ത്രീകളുടെയും കാര്യത്തിൽ ഉണ്ടാകണം. ചെങ്ങറയിലെ സ്ത്രീകളുടെ പ്രശ്നം തമിഴ്നാട്ടിലെ വനിതാ കമ്മിഷൻ വന്നു പരിശോധിക്കുമോയെന്നും കാതോലിക്കാ ബാവ ചോദിച്ചു.

**07. മതമേലധ്യക്ഷന്മാരെ അധിക്ഷേപിക്കുന്നതിൽനിന്ന് പിണറായി വിജയൻ പിന്മാറണം : ഐക്യ-ജാഗ്രതാ കമ്മീഷൻ (22-08-2008)**

മതമേലധ്യക്ഷന്മാരെ അധിക്ഷേപിക്കുന്ന പ്രവണതയിൽനിന്ന് പിണറായി വിജയൻ പിന്മാറണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു. മതമേലധ്യക്ഷന്മാരെ നീചമായി വിമർശിക്കുന്നത് രാഷ്ട്രീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന പിണറായി വിജയനെപ്പോലുള്ള വ്യക്തികൾക്ക് ചേർന്നതല്ല. പൊതുപ്രവർത്തകർ പാലിക്കേണ്ട അടിസ്ഥാന മര്യദ പോലും പാലിക്കാതെ, എല്ലാ അതിരുകളും ലംഘിച്ചുകൊണ്ടാണ് പിണറായി വിജയൻ മതമേലധ്യക്ഷന്മാരെയും പുരോഹിതരെയും വിമർശിക്കുന്നത്. കഴിഞ്ഞ രണ്ട് വർഷമായി മതമേലധ്യക്ഷന്മാരെയും പുരോഹിതരെയും അതിരുകടന്ന് വിമർശിക്കുന്ന ശൈലി രാഷ്ട്രീയക്കാർക്കിടയിൽ വർദ്ധിച്ചുവരികയാണ്. ഇത് അംഗീകരിക്കാനാവില്ല.

ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ കച്ചവടക്കാർക്ക് കൊള്ളലാഭമുണ്ടാക്കുവാനായി വഴിവിട്ട സഹായങ്ങൾ നൽകിയെന്ന സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ പ്രസ്താവന സത്യവിരുദ്ധവും അപഹാസ്യവുമാണ്. യഥാർത്ഥത്തിൽ വിദ്യാഭ്യാസ കച്ചവടക്കാർക്ക് കൊള്ളലാഭമുണ്ടാക്കുവാനായി കൂട്ടുനിൽക്കുന്നത് ആരാണെന്ന് ജനങ്ങൾക്ക് ബോധ്യമായിട്ടുണ്ട്. ഇന്റർ ചർച്ച് കൗൺസിലിനു കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലെ ഫീസ്, സർക്കാരുമായി കരാറിലേർപ്പെട്ട സ്ഥാപനങ്ങളിലെ ഫീസിനെക്കാൾ വളരെയധികം കുറവാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമൂഹ്യനീതിയും സുതാര്യതയും യഥാർത്ഥത്തിൽ നടപ്പിലാക്കിയത് കത്തോലിക്കാ സഭയാണ്. വിലകുറഞ്ഞ രാഷ്ട്രീയ മുതലെടുപ്പിന് വേണ്ടിമാത്രമാണ്, രാഷ്ട്രീയ നേതൃത്വം, മതമേലധ്യക്ഷന്മാരെ രാഷ്ട്രീയക്കാരായും കച്ചവടക്കാരായും ഒക്കെ ചിത്രീകരിക്കുന്നത്. പ്രബുദ്ധരായ കേരള ജനത ഈ സത്യം തിരിച്ചറിയും.

മാർ പൗവ്വത്തിൽ പിതാവിന്റെ വിദ്യാഭ്യാസ മേഖലയിലെ നിലപാടുകളെ വിമർശിക്കുന്നവർ യാഥാർത്ഥ്യം മനസ്സിലാക്കാത്തവരാണ്. പിതാവിന്റെ ദർശനങ്ങളും ഉൾക്കാഴ്ചകളും വിദ്യാഭ്യാസ മേഖലയ്ക്കും സാമൂഹ്യനവോത്ഥാനത്തിനും ഗുണം ചെയ്യുന്നതാണെന്നും എക്കാലത്തും തെളിഞ്ഞിട്ടുണ്ടെന്ന് ഐക്യ-ജാഗ്രതാ കമ്മീഷനുവേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പ്രസ്താവിച്ചു.

**